സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 219 2025 ഡിസംബർ 09 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'ജമാഅത്തെ ഇസ്ലാമിയുമായി ഒരിക്കലും ഒത്തുപോകില്ല: കെ.എം. ഷാജി

കോഴിക്കോട്: ജമാഅത്തെ ഇസ്ലാമിക്കെതിരായ നിലപാട് വ്യക്തമാക്കി മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.എം. ഷാജി. ജമാഅത്തെ ഇസ്ലാമിയുടെയും മുസ്ലിം ലീഗിന്റെയും ആശയങ്ങൾ ഒരിക്കലും ഒരുമിച്ച് പോവില്ലെന്നും അവരുമായുള്ള അഭിപ്രായ വ്യത്യാസം ആഗോള തലത്തിലുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. വെൽഫെയർ പാർട്ടിയുമായി ജില്ലാ തലത്തിൽ പോലും ചർച്ച നടത്തിയിട്ടില്ലെന്നും നിയമസഭാ തിരഞ്ഞെടുപ്പിലും അത്തരത്തിലുള്ള ഒരു ധാരണയും ഉണ്ടാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.സർക്കാറിനെതിരെ ജമാഅത്തും ആർഎസ്എസ്സും ചിലപ്പോൾ വോട്ട് നൽകുമെന്നും അങ്ങിനെയുള്ള വോട്ട് അരിപ്പവെച്ച് അരിക്കാൻ കഴിയില്ലെന്നും കെ.എം. ഷാജി പറഞ്ഞു.

ആദ്യ മണിക്കൂറുകളിൽ ഭേദപ്പെട്ട പോളിങ്

ശബരിമലയും രാഹുലും ചർച്ചയാക്കി മുന്നണികൾ

തിരു : തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട വോട്ടെടുപ്പ് പുരോഗമിക്കുമ്പോൾ ആദ്യ മണിക്കൂറുകളിൽ ഭേദപ്പെട്ട പോളിങ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ഏഴ് ജില്ലകളിൽ 595 തദ്ദേശ സ്ഥാപനങ്ങളിലേക്കാണ് വോട്ടെടുപ്പ് നടക്കുന്നത്. ആദ്യ മണിക്കൂർ പിന്നിടുമ്പോൾ 40 ശതമാനം പിന്നിട്ടുണ്ട് ഭൂരിപക്ഷം ജില്ലകളിലേയും പോളിങ് ശതമാനം. കോട്ടയം, ആലപ്പുഴ, എറണാകുളം, കൊല്ലം ജില്ലകളിലാണ് രാവിലെ ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയത്. തിരുവനന്തപുരത്തും ഇടുക്കിയിലുമാണ് താരമ്യേന കുറഞ്ഞ പോളിങ് ശതമാനം. വലിയ അനിഷ്ട സംഭവങ്ങളൊന്നും ഇതുവരെ എവിടെയും റിപ്പോർട്ട് ചെയ്തിട്ടില്ല. സ്ഥാനാർഥികളുടെ മരണത്തെ തുടർന്ന് രണ്ടിടങ്ങളിൽ വോട്ടെടുപ്പ് മാറ്റിവെച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് പത്താം ഡിവിഷനിലും (ഓണക്കൂർ) തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിലുമാണ് വോട്ടെടുപ്പ് മാറ്റിവെച്ചത്. പ്രധാനപ്പെട്ട നേതാക്കളെല്ലാം രാവിലെ തന്നെ ബൂത്തുകളിലെത്തി വോട്ട് രേഖപ്പെടുത്തി.

കേന്ദ്ര മന്ത്രി സുരേഷ് ഗോപിയും കുടുംബവും രാവിലെ ആറരയ്ക്ക് തന്നെ വോട്ട് ചെയ്യാനായി ബൂത്തിലെത്തിയിരുന്നു. ശാസ്തമംഗലം സർക്കാർ സ്കൂളിൽ വോട്ടെടുപ്പ് തുടങ്ങിയ ഏഴ് മണിക്ക് ആദ്യ വോട്ടർമാരിലൊരാളായി സുരേഷ് ഗോപി വോട്ട് ചെയ്തു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും രാവിലെ ഏഴിന് വോട്ട് രേഖപ്പെടുത്തി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ എ.ഷാജഹാൻ പട്ടം സെന്റ് മേരീസ് സ്കൂളിൽ വോട്ട് ചെയ്തു. മന്ത്രി വി.ശിവൻകുട്ടി തിരുവനന്തപുരം ഫോർട്ട് വാർഡിലെ ബൂത്ത് ഒന്നിലെത്തി വോട്ട് ചെയ്തു.

ശബരിമല സ്വർണക്കൊള്ളയും രാഹുൽ മാങ്കൂട്ടത്തിലിനെതിരായ സ്ത്രീപീഡന കേസുകളും നേതാക്കൾ ചർച്ചയാക്കി. നടി ആക്രമിക്കപ്പെട്ട കേസിലെ കോടതിവിധി സംബന്ധിച്ചും നേതാക്കൾ പ്രതികരണം നടത്തി. അതിജീവിതയ്ക്കൊപ്പമാണ് തങ്ങളെന്നാണ് മന്ത്രിമാരുൾപ്പടെയുള്ള നേതാക്കൾ പറഞ്ഞത്. ഇതിനിടെ ദിലീപിനെ അനുകൂലിച്ച് യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് രംഗത്തെത്തി. ദിലീപിന് നീതി ലഭിച്ചെന്നും അപ്പീൽ നൽകാനുള്ള സർക്കാർ തീരുമാനത്തെ പരിഹസിച്ചുമായിരുന്നു യുഡിഎഫ് കൺവീനറുടെ പ്രതികരണം. സ്ത്രീവിരുദ്ധ നിലപാടാണ് അടൂർ പ്രകാശിൽനിന്നുണ്ടായതെന്ന് മന്ത്രി വീണാ ജോർജ് വിമർശിച്ചു. അതേസമയം അടൂർ പ്രകാശിന്റെ നിലപാടിന് വിരുദ്ധമായിട്ടാണ് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് പ്രതികരിച്ചത്. പ്രോസിക്യൂഷന് വീഴ്ച ഉണ്ടായെന്നും സർക്കാർ അപ്പീലിന് പോകണമെന്നാണ് തങ്ങളുടെ അഭിപ്രായമെന്നും സണ്ണി ജോസഫ് പറഞ്ഞു. ജനം ഭരണമാറ്റം ആഗ്രഹിക്കുന്നുവെന്നും യുഡിഎഫ് വൻ വിജയം നേടുമെന്നും മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ. ആന്റണി അവകാശപ്പെട്ടു.

യുഡിഎഫ് നേതാക്കൾ ജമാഅത്തെ ഇസ്ലാമിക്ക് ശുദ്ധിപത്രം നൽകാനുള്ള തത്രപ്പാടിൽ: മുഖ്യമന്ത്രി

കണ്ണൂർ: ജമാഅത്തെ ഇസ്ലാമിക്ക് ശുദ്ധിപത്രം നൽകാനുള്ള തത്രപ്പാടിലാണ് യുഡിഎഫ് നേതാക്കളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോൺഗ്രസിന്റേയും ലീഗിന്റേയും നേതാക്കൾ അവരെക്കുറിച്ച് നല്ലവർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷെ യുഡിഎഫിനെ പിന്തുണയ്ക്കുന്ന മുസ്ലീം ബഹുജനങ്ങളിൽ ജമാഅത്തെ ഇസ്ലാമിയെ കുറിച്ചുള്ള നിലപാടിൽ ഒരുമാറ്റവും വന്നിട്ടില്ല. കാരണം അവർ മുസ്ലീം ബഹുജനങ്ങൾക്കിടയിൽ വലിയരീതിയിൽ ഒറ്റപ്പെട്ടുപോയ പ്രസ്ഥാനമാണെന്നും മുഖ്യന്ത്രി വ്യക്തമാക്കി. കണ്ണൂർ പ്രസ്ക്ലബ് സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

യുഡിഎഫിൽ നിന്ന് ആളുകൾ വലിയ രീതിയിൽ കൊഴിഞ്ഞുപോവുകയാണ്. ഇതോടെയാണ് അവർ പുതിയ മാർഗം തേടിയത്. ഏതെങ്കിലും പുതിയ ശക്തിയെ കൂട്ടുകിട്ടുമോ



എന്നാണ് അവർ നോക്കുന്നത്. അതിന് ശ്രമിച്ചപ്പോൾ ഇന്ന് എത്തി നിൽക്കുന്നത് സാധാരണ ഗതിയിൽ മുന്നണികളുടെയൊന്നും ഭാഗമാക്കാൻ പറ്റാത്ത ചിലരിലാണ്. അത് വർഗീയ തീവ്രവാദ ശക്തികളാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജമാഅത്തെ ഇസ്ലാമി മുസ്ലീം ജനവിഭാഗങ്ങൾക്കിടയിൽ ഒറ്റപ്പെട്ടുപോവാൻ കാരണം അവരുടെ നിലപാട് തന്നെയാണ്. അവർ തിരഞ്ഞെടുപ്പ് കാര്യങ്ങളിൽ വിശ്വസിച്ചവരല്ല. രാജ്യത്തിന്റെ പൊതുവായ കാര്യങ്ങളിലും അവർക്ക് തൽപര്യമുണ്ടായിരുന്നില്ല. അവരുടേതായ നിലപാടാണ് അവർ എല്ലാഘട്ടത്തിലും സ്വീകരിച്ചു പോന്നിരുന്നത്. ഇതോടെ വലിയതീയിൽ നുണപ്രചാരണത്തിന് അവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ആർക്ക് വോട്ടുചെയ്താലും കത്തുന്നത് ബി.ജെ.പി സ്ഥാനാർഥിയുടെ ലൈറ്റ്; പുതിയ വോട്ടുയന്ത്രം എത്തിച്ച്

കാട്ടാക്കട: ആർക്ക് വോട്ടു ചെയ്താലും ബി.ജെ.പി സ്ഥാനാർഥിയുടെ ചിഹ്നത്തിന് നേരെയുള്ള ലൈറ്റ് തെളിയുന്നതിനെ തുടർന്ന് നിർത്തിവെച്ച പൂവച്ചാൽ മുതിയാവിളയിലെ വോട്ടെടുപ്പ് പുനരാരംഭിച്ചു. പുതിയ വോട്ടിങ് മെഷീൻ കൊണ്ടുവന്നശേഷമാണ് വോട്ടെടുപ്പ് വീണ്ടും തുടങ്ങിയത്. 85 ഓളം പേർ പഴയ മെഷീനിൽ വോട്ടുചെയ്തിരുന്നു. ഇത് സീൽ ചെയ്തു മാറ്റിവെച്ചു.

ആർക്ക് വോട്ടുചെയ്താലും ബി.ജെ.പി സ്ഥാനാർഥിയുടെ ചിഹ്നത്തിന് നേരെയുള്ള ലൈറ്റ് തെളിയുന്നതിനെ തുടർന്ന് നിർത്തിവെച്ച പൂവച്ചാൽ ആൽബർട്ട് എൽ.പി സ്കൂൾ ബൂത്തിൽ പോളിങ് പുനരാരംഭിച്ചപ്പോൾ അനുഭവപ്പെട്ട തിരക്ക്

രാവിലെ 8.30നാണ് ആർക്ക് വോട്ടുചെയ്താലും ബി.ജെ.പി സ്ഥാനാർഥിയുടെ ലൈറ്റ് തെളിയുന്നത് ശ്രദ്ധയിൽപെട്ടത്. എം.എൽ.എമാർ അടക്കമുള്ളവർ സ്ഥലത്തെത്തിയിരുന്നു. തുടർന്ന് തെരഞ്ഞെടുപ്പ് നിർത്തിവെക്കാനും റീപോളിങ് നടത്താനും എൽ.ഡി.എഫ്, കോൺഗ്രസ് പ്രവർത്തകർ ആവശ്യപ്പെടുകയായിരുന്നു. എന്നാൽ, റിപോളിങ് സംബന്ധിച്ച് ഇലക്ഷൻ കമ്മീഷനാണ് തീരുമാനം എടുക്കേണ്ടതെന്നും പുതിയ മെഷീൻ എത്തിച്ച് വോട്ടെടുപ്പ് തുടരുമെന്നും അധികൃതർ അറിയിച്ചു. തുടർന്ന് 11.30 ഓടെ പുതിയ മെഷീൻ കൊണ്ടുവന്ന് വോട്ടിങ് പുനരാരംഭിക്കുകയായിരുന്നു.

പൂവച്ചാൽ ഗ്രാമപഞ്ചായത്ത് മുതിയാവിള വാർഡ് സെന്റ് ആൽബർട്ട് എൽ.പി സ്കൂളിലെ ബൂത്തിലാണ് സംഭവം. ജില്ലാപഞ്ചായത്തി?ലെ എൽ.ഡി.എഫ്, യു.ഡി.എഫ് സ്ഥാനാർഥികൾക്ക് വോട്ടുചെയ്യുമ്പോഴാണ് മെഷീനിലെ ബി.ജെ.പി സ്ഥാനാർഥിയുടെ ചിഹ്നത്തിന് നേരെയുള്ള ലൈറ്റ് തെളിയുകയും ബീപ് ശബ്ദം കേൾക്കുകയും ചെയ്തത്. സംഭവത്തിൽ എൽ.ഡി.എഫ് സ്ഥാനാർഥിയുടെ ബൂത്ത് ഏജന്റ് സി. സുരേഷ് ?പ്രിസൈഡിങ് ഓഫിസർക്ക് പരാതി നൽകിയിരുന്നു.

നേരത്തെ പത്തനംതിട്ട നിരണം പഞ്ചായത്തിലെ ഇരതോട് 28ാം നമ്പർ ബൂത്തിലും പെരിങ്ങര പഞ്ചായത്തിലെ ആലംതുരുത്തിയിലും യന്ത്രത്തകരാർ മൂലം വോട്ടിങ് വൈകിയിരുന്നു. പെരിങ്ങര പഞ്ചായത്തിലെ മൂന്നാം വാർഡിൽ ആലംതുരുത്തി തെക്കുംഭാഗത്തെ ആലന്തുരുത്തി സ്കൂളിലെ ബൂത്തിലെ യന്ത്രമാണ് തകരാറിലായത്. ഏറെ നേരത്തിന് ശേഷം യന്ത്രതകരാർ പരിഹരിച്ചാണ് വോട്ടെടുപ്പ് ആരംഭിച്ചത്.

SIR സമയപരിധി രണ്ടാഴ്ചകൂടി നീട്ടണമെന്ന് കേരളം; 97% ഡിജിറ്റൈസ് ചെയ്തെന്ന് തെരെഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: കേരളത്തിൽ നടക്കുന്ന എസ്ഐആറിന്റെ സമയപരിധി രണ്ടാഴ്ച്ചകൂടി നീട്ടണമെന്ന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടു. 20 ലക്ഷത്തോളം എന്യൂമറേഷൻ ഫോമുകൾ ഇനിയും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നു സർക്കാർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. അതേസമയം, കേരളത്തിൽ 97% ഫോമുകളും ഡിജിറ്റൈസ് ചെയ്തെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീം കോടതിയെ അറിയിച്ചു.



സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിഗണിച്ച് കേരളത്തിലെ എസ്ഐആർ സമയപരിധി ഒരാഴ്ചത്തേക്ക് കൂടി നീട്ടിയെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീം കോടതിയെ അറിയിച്ചു. പുതുക്കിയ ഷെഡ്യൂൾ പ്രകാരം എന്യൂമറേഷൻ ഫോം ഡിസംബർ 18 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടിക ഡിസംബർ 23-നാണ് പ്രസിദ്ധീകരിക്കുക എന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ രാകേഷ് ദ്വിവേദി ചൂണ്ടിക്കാട്ടി.

എന്നാൽ, സംസ്ഥാനത്തെ ചീഫ് ഇലക്ടൽ ഓഫീസർ തന്നെ 20 ലക്ഷത്തോളം എന്യൂമറേഷൻ ഫോമുകൾ ഇനിയും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതായി സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ സ്റ്റാന്റിംഗ് കോൺസൽ സി.കെ. ശശി, അഭിഭാഷക മീന കെ. പൗലോസ് എന്നിവർ ചൂണ്ടിക്കാട്ടി.

സമയപരിധി നീട്ടണമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ പി.വി. സുരേന്ദ്ര നാഥ്, അഭിഭാഷകൻ ജി. പ്രകാശ് എന്നിവരും ആവശ്യപ്പെട്ടു.

ഈ ആവശ്യത്തെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ശക്തമായി എതിർത്തു. രണ്ടാഴ്ച്ചകൂടി നീട്ടുന്നതിനോട് സുപ്രീം കോടതി ചീഫ് ജസ്റ്റിസും വാക്കാൽ വിയോജിപ്പ് രേഖപ്പെടുത്തി. എന്നാൽ, സംസ്ഥാന സർക്കാരും വിവിധ കക്ഷികളും ആവശ്യം അവർത്തിച്ചതോടെ ഹർജികൾ 18-ന് വീണ്ടും പരിഗണിക്കാമെന്ന് സുപ്രീം കോടതി അറിയിച്ചു.

കണ്ണൂരിൽ യുഡിഎഫ് സ്ഥാനാർഥിയെ കാണാനില്ല; സിപിഎം ഒളിപ്പിച്ചതാകാമെന്ന് യുഡിഎഫ്

ചൊക്ലി: തദ്ദേശതിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള വോട്ടെടുപ്പിന് മണിക്കൂറുകൾ അവശേഷിക്കെ, സ്ഥാനാർഥിയെ കാണാനില്ല. ചൊക്ലി ഗ്രാമപ്പഞ്ചായിലെ യുഡിഎഫ് സ്ഥാനാർഥിയുടെ തിരോധാനമാണ് മുന്നണികൾക്കിടയിൽ ചൂടൻചർച്ചയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

പത്രികാസമർപ്പണം മുതൽ വീടുകയറിയും മറ്റും സജീവമായിരുന്ന സ്ഥാനാർഥിയാണ് മൂന്നുദിവസമായി മറഞ്ഞിരിക്കുന്നത്. തിരഞ്ഞെടുപ്പ് കമ്മിഷന്റെ സൈറ്റിൽ നൽകിയിരിക്കുന്ന ഫോൺനമ്പറിൽ ബന്ധപ്പെടാൻ ശ്രമിച്ചങ്കിലും 'കോളുകൾ സ്വീകരിക്കുന്നില്ല' എന്ന മറുപടിയാണ് ലഭിക്കുന്നത്.

ശക്തമായ പോരാട്ടം നടക്കുന്ന വാർഡിലെ വോട്ട് ഭിന്നിപ്പിക്കുന്നതിന് സിപിഎം നടത്തുന്ന നാടകമാണിതെന്നും സ്ഥാനാർഥിയെ അവർ ഒളിപ്പിച്ചിരിക്കാനാണ് സാധ്യതയെന്നും യുഡിഎഫ് പഞ്ചായത്ത് കമ്മിറ്റി ചെയർമാൻ അഡ്വ. സി.ജി. അരുൺ, കൺവീനർ പി.കെ. യൂസഫ് എന്നിവർ ആരോപിച്ചു.

വിഷയത്തിൽ ഇടതുമുന്നണിക്ക് പങ്കില്ലെന്നും സ്ഥാനാർഥിയുടെ വ്യക്തിപരമായ കാര്യങ്ങളിൽ ഇടപെട്ട് വിവാദമുയർത്തുന്നത് ശരിയല്ലെന്നും സിപിഎം ലോക്കൽ സെക്രട്ടറി ടി. ജയേഷ് പ്രതി കരിച്ചു. സ്ഥാനാർഥിയെ പാർട്ടി ഒളിപ്പിച്ചെന്നാണ് കരുതുന്നതെങ്കിൽ അതുസംബന്ധിച്ച് പോലീസിൽ പരാതി നൽകണമെന്നും അദ്ദേഹം പറഞ്ഞു.

ഫെഫ്കയിൽനിന്ന് രാജിവെച്ച് ഭാഗ്യലക്ഷ്മി

കൊച്ചി: സിനിമാമേഖലയിലെ തൊഴിലാളി സംഘടനയായ ഫെഫ്കയിൽ നിന്ന് രാജിവെച്ച് ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി. നടൻ ദിലീപിനെ തിരിച്ചെടുക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചാണ് രാജി. ഇനി ഒരു സംഘടനയിലും ഭാഗമാകില്ലെന്നും ഭാഗ്യലക്ഷ്മി അറിയിച്ചു.

നടിയെ ആക്രമിച്ച കേസിൽ ദിലീപിനെ കുറ്റവിമുക്തനാക്കിയതിന് പിന്നാലെ അദ്ദേഹത്തെ തിരിച്ചെടുക്കുന്നതുസംബന്ധിച്ചുള്ള വിഷയത്തിൽ ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ നിലപാട് വ്യക്തമാക്കിയിരുന്നു. വിഷയത്തിൽ ഡയറക്ടേഴ്സ് യൂണിയൻ തീരുമാനമെടുക്കുമെന്നും വിധിന്യായത്തിലേക്കെത്തിയ സാഹചര്യം ഫെഫ്ക പഠിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നടിയെ ആക്രമിച്ച് അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തിയെന്ന കേസിൽ എട്ടാം പ്രതിയായ നടൻ ദിലീപിനെ ഇന്നലെ വിചാരണക്കോടതി വെറുതേവിട്ടിരുന്നു. ദിലീപ് ഉൾപ്പെടെ നാലുപ്രതികളെയാണ് കോടതി വിട്ടയച്ചത്. ദിലീപിനെതിരേയുള്ള ക്രിമിനൽ ഗൂഢാലോചനക്കുറ്റവും തെളിവ് നശിപ്പിച്ചെന്ന കുറ്റവും തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്ന് കോടതി വിലയിരുത്തി.

പൊലീസ് ഗൂഢാലോചന ദിലീപിന്റെ തോന്നൽ; അന്വേഷണം തെളിവിന്റെ അടിസ്ഥാനത്തിലെന്ന് മുഖ്യമന്ത്രി

കണ്ണൂർ: നടിയെ ആക്രമിച്ച കേസിൽ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരായ നടൻ ദിലീപിന്റെ ആരോപണത്തിൽ വിശദീകരണവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. അന്വേഷണ ഉദ്യോഗസ്ഥർ തെളിവിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചത്. ഗൂഢാലോചന ആരോപണം അദ്ദേഹത്തിന്റെ തോന്നലാണെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിജീവിതക്ക് തുടർന്നും പിന്തുണ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പൊതു സമൂഹം അതിജീവിതക്ക് ഒപ്പമാണ്. അടൂർ പ്രകാശിൻറേത് രാഷ്ട്രീയ നിലപാടാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

നടിയെ ആക്രമിച്ച കേസിൽ തന്നെ പ്രതിയാക്കാൻ ഒരു സംഘം പൊലീസ് ഉദ്യോഗസ്ഥർ ഗൂഢാലോചന നടത്തിയെന്നും അത് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകുമെന്നും ദിലീപ് വ്യക്തമാക്കിയിരുന്നു. അന്വേഷണസംഘം മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചു. അതിജീവിതയുമായി ഉണ്ടായിരുന്നത് നല്ല ബന്ധമാണ്. ഉദ്യോഗസ്ഥർ അവരുടെ നേട്ടത്തിനായി തന്നെ ബലിയാടാക്കി. ഉത്തരവിന്റെ പകർപ്പ് ലഭിച്ചശേഷം തുടർനടപടികളെന്നും ദിലീപ് പറഞ്ഞു.

ദിലീപിനെ സിനിമാ സംഘടനകളിലേക്ക് തിരിച്ചെടുക്കണമെന്ന് സംവിധായകൻ രഞ്ജി പണിക്കർ ആവശ്യപ്പെട്ടു. ദിലീപ് കുറ്റവാളിയല്ലെന്നാണ് കോടതി പറഞ്ഞത്. കോടതി കണ്ടെത്തുന്ന സത്യമാണ് സത്യം. കുറ്റവാളി അല്ലാതെ ശിക്ഷിക്കപ്പെട്ടു എന്ന വികാരം ദിലീപിനുണ്ടായാൽ എന്താണ് തെറ്റെന്നും രഞ്ജി പണിക്കർ. കുറ്റം ചെയ്യാത്തവരെ തിരിച്ചെടുക്കാൻ സംഘടനകൾക്ക് അവകാശമുണ്ടെന്നും രഞ്ജി പണിക്കർ.

കോടതി വിധി മാനിക്കുന്നതായും നീതി ലഭിച്ചോയെന്ന് പറയേണ്ടത് ബന്ധപ്പെട്ടവരെന്നും നിർമാതാവ് സാന്ദ്ര തോമസ് പ്രതികരിച്ചു. തെളിവുകളുടെ അടിസ്ഥാനത്തിലാണ് കോടതിവിധി. അതിജീവിതയ്ക്ക് നീതി ലഭിക്കട്ടെയെന്നും സാന്ദ്ര തോമസ് കൊച്ചിയിൽ പറഞ്ഞു.

തിരഞ്ഞെടുപ്പ് ദിനത്തിൽ അടൂർപ്രകാശിന്റെ മലക്കംമറിച്ചിൽ

തിരു: തിരഞ്ഞെടുപ്പ് ദിനത്തിൽ നടിയെ ആക്രമിച്ച കേസിൽ അഭിപ്രായം പ്രകടനം നടത്തി പുലിവാൽ പിടിച്ച് യുഡിഎഫ് കൺവീനർ അടൂർ പ്രകാശ്. രാവിലെ ദിലീപിന് അനുകൂലമായി നിലപാട് സ്വീകരിച്ച അടൂർ പ്രകാശ് മണിക്കൂറുകൾക്കകം മലക്കംമറിഞ്ഞു. ദിലീപിന് നീതി ലഭ്യമായെന്നും അപ്പീൽ പോകാനുള്ള സർക്കാർ നടപടിയെ വിമർശിച്ചും രംഗത്തെത്തിയിരുന്ന യുഡിഎഫ് കൺവീനറുടെ നിലപാടിനെതിരെ വ്യാപക വിമർശനങ്ങളുയർന്നതോടെയാണ് തിരുത്തലുമായി അദ്ദേഹം രംഗത്തെത്തിയത്. കോൺഗ്രസ് നേതൃത്വമായി ചർച്ച നടത്തിയതിന് പിന്നാലെയായിരുന്നു അടൂർ പ്രകാശിന്റെ മലക്കം മറിച്ചിൽ. മുഖ്യമന്ത്രി പിണറായി വിജയനടക്കം അടൂർ പ്രകാശിന്റെ പ്രസ്താവന ആയുധമാക്കി രംഗത്തെത്തിയതോടെയാണിത്.

ദിലീപിനെ കോടതി വെറുതെ വിട്ടതിൽ അദ്ദേഹത്തിന് നീതി ലഭ്യമായി എന്നുള്ളതാണ് എനിക്ക് പറയാനുള്ള വ്യക്തിപരമായ അഭിപ്രായം. താൻ ഒരു കലാകാരൻ എന്ന നിലയിൽ മാത്രമല്ല, അദ്ദേഹവുമായി നേരിട്ട് ബന്ധമുണ്ടായിരുന്ന ഒരു വ്യക്തി കൂടിയാണെന്നും ദിലീപിന് നീതി ലഭ്യമായെന്നും അടൂർ പ്രകാശ് ആവർത്തിച്ചു. കോടതി തന്നെ ദിലീപിന് നീതി ലഭ്യമാക്കി നൽകി. ഉന്നത പോലീസ് ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ കുറെ പോലീസുകാർ ഉണ്ടാക്കിയെടുത്ത കേസാണെന്ന് ദിലീപ് തന്നെ പറഞ്ഞിട്ടുണ്ട്. അത്തരം കാര്യങ്ങൾ നിരീക്ഷണം നടത്തേണ്ടതാണെന്നും അടൂർ പ്രകാശ് പറഞ്ഞു.

സർക്കാർ രാഷ്ട്രീയ നേതൃത്വത്തിനു വേണ്ടി അറസ്റ്റ് ഉപയോഗിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന്, വിധി വന്നപ്പോൾ പലതരത്തിലുമുള്ള അഭിപ്രായങ്ങൾ കേട്ടപ്പോൾ തനിക്കും അങ്ങനെയൊക്കെ തോന്നി എന്ന് അദ്ദേഹം മറുപടി നൽകി.

ഇൻഡിഗോയെ ശിക്ഷിക്കാൻ കേന്ദ്രം; സർവീസുകൾ മറ്റുള്ളവർക്ക് നൽകുമെന്ന് മന്ത്രി

ന്യൂഡൽഹി: വിമാനങ്ങൾ കൂട്ടത്തോടെ റദ്ദാക്കി യാത്രക്കാരെ പെരുവഴിയിലാക്കിയ ഇൻഡിഗോയെ ശിക്ഷിക്കാൻ കേന്ദ്രവ്യോമായന മന്ത്രാലയം. കമ്പനിയുടെ ശൈത്യകാല സർവീസുകൾ വെട്ടിച്ചുരുക്കി മറ്റ് കമ്പനികൾക്ക് നൽകുമെന്ന് വ്യോമയാന മന്ത്രി കെ.റാം മോഹൻ നായിഡു വ്യക്തമാക്കി.

സർവീസുകൾ കൂട്ടത്തോടെ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഉന്നതതല യോഗം മന്ത്രാലയം വിളിച്ചിരുന്നു. ഈ യോഗത്തിന് ശേഷമാണ് ഇൻഡിഗോയുടെ സർവീസുകൾ മറ്റുള്ളവർക്ക് നൽകാൻ തീരുമാനിച്ചത്. മാത്രമല്ല ഭാവിയിൽ ഇത്തരത്തിലുള്ള പ്രശ്നം ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടിയെടുക്കാനും തീരുമാനമായിട്ടുണ്ട്.

ഇന്ന് രാവിലെ വരെ ലഖ്നൗവിലേക്കും തിരിച്ചുമുള്ള 26 ഇൻഡിഗോ വിമാനങ്ങൾ റദ്ദാക്കി. ബെംഗളൂരു 121, ചെന്നൈ 81, ഹൈദരാബാദ് 58, അഹമ്മദാബാദ് 16 എന്നിങ്ങനെയാണ് റദ്ദാക്കിയ മറ്റ് വിമാനങ്ങളുടെ കണക്ക്.

വിവിധ വിമാനത്താവളങ്ങളിൽ കുടുങ്ങിക്കിടക്കുന്ന 9,000-ത്തോളം യാത്രാ ബാഗുകളിൽ 6000-ത്തോളം ബാഗുകൾ യാത്രക്കാരുടെ കൈകളിലെത്തിയെന്നും ബാക്കിയുള്ളവ ഉടൻ എത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

ഡിസംബർ ഒന്നുമുതൽ എട്ടുവരെ റദ്ദാക്കിയ 730655 പി എൻആറുകൾക്ക് പണം തിരിച്ചുനൽകാനുള്ള നടപടിക്രമങ്ങൾ നടക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

യാത്രാപ്രതിസന്ധിയുമായി ബന്ധപ്പെട്ട് മന്ത്രാലയം ഇന്നും യോഗം വിളിച്ചിട്ടുണ്ട്. ഈയോഗത്തിൽ എങ്ങനെയാണ് ഇൻഡിഗോ സർവീസുകൾ പൂർണതോതിൽ പഴയപടിയാക്കുക എന്നതും അതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിലയിരുത്തും. വ്യോമായന മന്ത്രാലയം ഭൂരിഭാഗം വിമാനത്താവളങ്ങളിലും പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. വരുന്ന രണ്ട് മൂന്ന് ദിവസങ്ങളിൽ ഇവർ കാര്യങ്ങൾ വിലയിരുത്തി ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

'ഇന്ത്യയിൽനിന്നുള്ള അരി യുഎസിലേക്ക് തള്ളരുത്'; പുതിയ താരിഫ് മുന്നറിയിപ്പുമായി ട്രംപ്

വാഷിങ്ടൺ: ഇന്ത്യയുടെ അരി ഇറക്കുമതിയും കാനഡയുടെ വളം ഇറക്കുമതിയും സംബന്ധിച്ച് പുതിയ തീരുവ ഏർപ്പെടുത്തിയേക്കുമെന്ന് മുന്നറിയിപ്പ് നൽകി യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ്. ഇരു രാജ്യങ്ങളുമായുള്ള വ്യാപാരചർച്ചകൾ കാര്യമായ പുരോഗതിയില്ലാതെ തുടരുന്നതിനിടയിലാണ് മുന്നറിയിപ്പ്. അതേസമയം, അമേരിക്കയിലെ കർഷകർക്ക് വേണ്ടി കോടിക്കണക്കിന് ഡോളറിന്റെ സഹായ പാക്കേജും അദ്ദേഹം പ്രഖ്യാപിച്ചു.

ഇന്ത്യ അടക്കമുള്ള ഏഷൻ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി അമേരിക്കൻ ഉത്പാദകരെ പ്രതിസന്ധിയിലാക്കുന്നുവെന്ന് ട്രംപ് ആരോപിച്ചു. അമേരിക്കയിലെ ഉത്പാദകരെ സംരക്ഷിക്കാൻ തീരുവകൾ കർശനമായി ഉപയോഗിക്കാനാണ് തന്റെ ഉദ്ദേശ്യമെന്ന് അദ്ദേഹം ആവർത്തിച്ചു. ഇറക്കുമതി ടാക്സുകളിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് അമേരിക്കൻ കർഷകർക്ക് 12 ബില്യൺ ഡോളറിന്റെ സാമ്പത്തിക സഹായം നൽകുമെന്നും ട്രംപ് വ്യക്തമാക്കി.

കർഷകരുടെ സാമ്പത്തിക സ്ഥിരത നിലനിർത്താൻ ഈ പുതിയ സഹായം അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. 'കർഷകർ നാടിന്റെ അഭിവാജ്യമായ ഘടകമാണ്. അമേരിക്കയുടെ നട്ടെല്ലാണ്.' അദ്ദേഹം പറഞ്ഞു. അമേരിക്കയിലെ കൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തന്റെ തന്ത്രത്തിന്റെ കേന്ദ്രബിന്ദുവാണ് തീരുവ സമ്മർദമെന്നും ട്രംപ് വ്യക്തമാക്കി.

യോഗത്തിൽ, അരി ഇറക്കുമതിയെക്കുറിച്ചുള്ള വിശദമായ ചർച്ചയ്ക്കിടെയാണ് ഇന്ത്യ ഒരു പ്രധാന ഉദാഹരണമായി ഉയർന്നുവന്നത്. അരി ഇറക്കുമതി തെക്കൻ പ്രദേശങ്ങളിലെ കർഷകർക്ക് നാശം വിതയ്ക്കുന്നുവെന്ന് ലൂസിയാനയിൽ നിന്നുള്ള ഒരു കർഷകൻ ആരോപിച്ചു. അമേരിക്കയിലെ റീട്ടെയിൽ അരി വിപണിയിൽ മുന്നിലുള്ള ഏറ്റവും വലിയ രണ്ട് ബ്രാൻഡുകളും ഇന്ത്യൻ സ്ഥാപനങ്ങളുടേതാണെന്ന് അദ്ദേഹം പറഞ്ഞു.

'ശരി, അതിന്റെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. അത് പരിഹരിക്കാൻ വളരെ എളുപ്പമാണ്... തീരുവകൾ. രണ്ട് മിനിറ്റിനുള്ളിൽ പ്രശ്നം പരിഹരിക്കാൻ തീരുവകൾക്കാവും. ഇന്ത്യ അവരുടെ അരി യുഎസിലേക്ക് തള്ളിവിടാൻ പാടില്ല. മറ്റുള്ളവരിൽനിന്ന് ഞാൻ അത് കേട്ടിട്ടുണ്ട്. ഇന്ത്യ ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ല.' ട്രംപ് പറഞ്ഞു..

കാനഡയിൽനിന്നുള്ള വളം ഇറക്കുമതിക്ക് തീരുവ ഏർപ്പെടുത്തി പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കാനുള്ള സാധ്യതയും ട്രംപ് നിർദ്ദേശിച്ചു. 'കാനഡയിൽനിന്ന് വലിയതോതിൽ വളം യുഎസിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ നമുക്ക് അതിന് വളരെ കഠിനമായ തീരുവകൾ ഏർപ്പെടുത്തേണ്ടി വരും. കാരണം അങ്ങനെയാണ് നമ്മൾ ഇവിടെ വളർച്ച പ്രോത്സാഹിപ്പിക്കേണ്ടത്.' അദ്ദേഹം പറഞ്ഞു.

ഇ ഡി നോട്ടീസിന്റെ ലക്ഷ്യം വികസനം തടയൽ, നടക്കില്ലെന്ന് മുഖ്യമന്ത്രി

തുടർഭരണംകൊണ്ടാണ് സംസ്ഥാനത്ത് വൻവികസനം കൊണ്ടുവരാനും അതിദാരിദ്ര്യം തുടച്ചുനീക്കാനുമായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തദ്ദേശതെരഞ്ഞെടുപ്പിന്റെ ഭാഗമായി കോർപറേഷൻ ഇടതുമുന്നണി റാലിയോടനുബന്ധിച്ചു ശക്തൻനഗറിൽ നടന്ന പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി

മുൻകാലത്തു വൻ കുടിശികയുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഇടതുമുന്നണിഅധികാരത്തിൽ വന്നതോടെയാണ് ശരിയായിനൽകുന്നത്. തുകയും വർധിപ്പിച്ചു. 223 റോഡുകളും 91 പാലങ്ങളും 57 റെയിൽവേ മേൽപാലങ്ങളും 15 ഫ്ളൈഓവറുകളും നിർമിക്കാൻ 18,445 കോടി ചെലവിച്ചു. ഏഴു വൻകിട പദ്ധതികൾക്കായി 26,000 കോടി ചെലവിട്ടു

കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികളാണിവ. ഇപ്പോൾ കിഫ്ബിയുടെ പേരിൽ ഇഡി നോട്ടീസ് അയച്ചിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾ തടയലാണ് നോട്ടീസിന്റെ ലക്ഷ്യമെങ്കിൽ അതൊന്നും നടക്കാൻ പോകുന്നില്ല.

പശ്ചാത്തലവികസനത്തിനായാണ് പണം ചെലവിട്ടത്. റിസർവ്ബാങ്ക് മാനദണ്ഡപ്രകാരമാണ് പ്രവർത്തിച്ചത്. ഭൂമി വിലയ്ക്കു വാങ്ങിയതല്ല, ഏറ്റെടുത്തതാണ്. അതു കൃത്യമായി പദ്ധതിയുടെ പേരിലാണ്. ഭൂമി വാങ്ങി മറിച്ചു വിൽക്കുന്നതാണു റിയൽഎസ്റ്റേറ്റ്പ്രവർത്തനം ഇതിൽ അത്തരം താത്പര്യമില്ല. നേരത്തേ പ്രഖ്യാപിച്ച പ്രകാരമാണ് പദ്ധതികൾക്കു പണം ചെലവിട്ടത്. ഇനിയും പല തടസങ്ങളും വരും. അതൊന്നും സർക്കാരിനെ ബാധിക്കി ല്ലെന്നും മുഖ്യമന്ത്രി വിശദീകരിച്ചു.

2016നുശേഷം ബജറ്റ് വഴി 44,000 കോടി രൂപ ചെലവഴിച്ചെങ്കിലും ഇത് അപര്യാപ്തമാന്നെ ന്നു കണ്ടെത്തിയതോടെയാണ് കിഫ്ബിയെ പുനരുജ്ജീവിപ്പിച്ചത് അഞ്ചുവർഷംകൊണ്ട് അമ്പതിനായിരം കോടിയുടെ വികസ നമാണു കൊണ്ടുവരാനുദ്ദേശിച്ചത് എന്നാലത് 62,000 കോടിയിലെത്തിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

കോർപറേഷൻ ഇടതുമുന്നണി സ്ഥാനാർഥികൾ പങ്കെടുത്ത സമ്മേളനത്തിൽ പി. ബാലചന്ദ്രൻ എംഎൽഎ അധ്യക്ഷനായി. മന്ത്രിമാരായ ആർ. ബിന്ദു, കെ. രാജൻ, സിപിഎം ജില്ലാ സെക്രട്ടറി കെ.വി. അബ്ദുൾഖാദർ, പി. കെ. ബിജു, എം.കെ. കണ്ണൻ, എം.എം. വർഗീസ്, യു പി ജോസഫ്, ജെയിംസ് മുട്ടിക്കൽ, പി.കെ. ഷാജൻ, വി.എസ്. പ്രിൻസ്, അനൂപ് ഡേവിസ് കാട, ഷൈജു ബഷീർ, സി ആർ വത്സൻ തുടങ്ങിയവരും പങ്കെടുത്തു

വർഗീയ കലാപ ശ്രമം: മുഖ്യമന്ത്രിക്ക് പരാതി

തൃശൂർ: കൊടുങ്ങല്ലൂരിൽ ഹിന്ദു –-ക്രൈസ്തവ ആരാധനാലയങ്ങൾ തകർത്ത് വർഗീയ കലാപം ഉണ്ടാക്കാൻ ബി. ജെ.പി.നേതൃത്വത്തിൽ രഹസ്യനീക്കം നടന്നതായി ആരോപണം. തദ്ദേശ തിരഞ്ഞെടുപ്പ് സമയത്ത് കുഴപ്പം ഉണ്ടാകുമെന്നാണ് സൂചന.മുമ്പും ഇത്തരം പദ്ധതികൾ ബി. ജെ.പി.ക്കുണ്ടായിരുന്നത്രെ.

വിഷയം സംബന്ധിച്ച് മുഖ്യ മന്ത്രിക്കും, സംസ്ഥാന പോലീസ് മേധാവിക്കും ഇ മെയിലിൽ പരാതി നൽകിയതായി , ബി.ജെ.പി. പ്രവർത്തനത്തിൽ നിന്നും ഒഴിഞ്ഞ് അംഗത്യം രാജിവെച്ച, കൊടുങ്ങല്ലൂരിലെ എം.സച്ചിതാനന്ദൻതൃശൂർപ്ര സ്സ് ക്ലബിൽ വാർത്താ സമ്മേളനത്തിലറിയിച്ചു.

സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. കെ.എസ്.യു.തൃശൂർ ജില്ലാ ജനറൽ സെക്രട്ടറിയായിരിക്കെയാണ് സച്ചിദാനന്ദൻ കോൺഗ്ര സ്നേതൃത്വമായി തെറ്റി ഏതാനും സഹപ്രവർത്തകരുമൊത്ത് 2025 ഫെബ്രുവരിയിൽ ബി.ജെ.പി.യിൽ ചേർന്നത്. പിന്നീട് ബി.ജെ.പിയുടെ അപകടകരാവസ്ഥ തിരിച്ചറിഞ്ഞപ്പോൾ ബന്ധം ഉപേക്ഷിച്ചു. വീണ്ടും കോൺഗ്ര സ്സിലേക്ക് മടങ്ങുമെന്നും യുവ നേതാവ് അറിയിച്ചു. ബി. ജെ.പി. പദ്ധതികൾ പുറത്തറിയിച്ച തനിക്ക് ഭീഷണി ഉണ്ടെന്നും സച്ചിദാനന്ദൻ പറഞ്ഞു.

ആൾ കേരള നോട്ടറി അഡ്വക്കേറ്റ്സ് ഫോറം ജില്ലാ സമ്മേളനം 13ന്

തൃശൂർ: ആൾ കേരള നോട്ടറി അഡ്വക്കെറ്റ്സ് ഫോറം ജില്ലാ സമ്മേളനം ഡിസംബർ 13-ന് ഇരിങ്ങാലക്കുട കാക്കത്തുരുത്തി സീ ഷോർ എക്കോപാർക്കിൽ നടത്തുന്നു.

രാവിലെ 10ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പരിപാടി ഉദ്ഘാടനം ചെയ്യും. അക്കാദമിക് സെക്ഷൻ ജില്ലാ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് പി പി സെയ്തലവി ഉദ്ഘാടനം ചെയ്യും. അഡ്വ. പി കെ അശോകൻ, പ്രസിഡന്റ് അഡ്വ തോംസൻ മൈക്കിൾ, അഡ്വ. ഒ ഇ ജോൺ, അഡ്വ. ബിക്സൺ ടി.പോൾ, അഡ്വ. ജോസ് മമ്മേച്ചേരി, എന്നിവർ വാർത്ത സമ്മേളനത്തിൽ പരിപാടികൾ വിശദീകരിച്ചു.

'എന്നും അതിജീവിതയ്ക്കൊപ്പം, എന്റെ സുഹൃത്തിന് നീതി ലഭിക്കണം, കോടതിവിധി മാനിക്കുന്നു'-ആസിഫ് അലി

കൊച്ചി: നടി ആക്രമിക്കപ്പെട്ട കേസിൽ കോടതി വിധിയോട് പ്രതികരിച്ച് നടൻ ആസിഫ് അലി. അതിജീവിതയ്ക്കൊപ്പമാണെന്നും കോടതിവിധിയെ മാനിക്കുന്നുവെന്നും നടൻ വ്യക്തമാക്കി.

'കോടതി വിധി സ്വീകരിക്കുന്നു. വിധിയെ കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ അത് കോടതി നിന്ദയാകും. അതിജീവിതയ്ക്ക് നീതി ലഭിക്കണം എന്നായിരുന്നു എന്റെ നിലപാട്. അത് ആരെങ്കിലും ശിക്ഷിക്കപ്പെടണം എന്നല്ല. കോടതിക്ക് ശിക്ഷിക്കപ്പെടണം എന്ന് മനസിലാക്കിയവരെല്ലാം ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോഴും അതിജീവിതയ്ക്കൊപ്പമാണ്.'-ആസിഫ് അലി വ്യക്തമാക്കി. തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനെത്തിയപ്പോഴാണ് ആസിഫ് അലി മാധ്യമങ്ങളോട് പ്രതികരിച്ചത്.

സിനിമാ സംഘടനകളിൽ ദിലീപിനെ തിരിച്ചെടുക്കുന്നതിനെ കുറിച്ചും ആസിഫ് അലി പ്രതികരിച്ചു. ആരോപണവിധേയനായ സമയത്ത് അദ്ദേഹത്തെ പുറത്താക്കിയിട്ടുണ്ടെങ്കിൽ ഇത്തരത്തിലുള്ള കോടതിവിധി വരുമ്പോൾ അതിനെ അതിന്റേതായ രീതിയിൽ കൈകാര്യം ചെയ്യുക എന്നല്ലേ എല്ലാ സംഘടനകളും ചെയ്യേണ്ടതെന്നും ആസിഫ് അലി വ്യക്തമാക്കി.

'ഏകപക്ഷീയമായ തീരുമാനം ആർക്കെതിരേയും എടുത്തിട്ടില്ല. അതിജീവിതയ്ക്ക് നീതി ലഭിക്കണം എന്നുള്ളതാണ്. ആര് ശിക്ഷിക്കപ്പെടണം എന്നല്ല. എന്റെ സഹപ്രവർത്തകയാണ്, വളരെ അടുത്ത സുഹൃത്താണ്. അവർക്ക് അങ്ങനെയൊരു കാര്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് എന്ത് പകരം കൊടുത്താലും മതിയാകില്ല. നീതി ലഭിക്കണം എന്ന് മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു.

പിന്നെ വിധിയിൽ ഞാനൊരു അഭിപ്രായം പറഞ്ഞാൽ അത് കോടതി നിന്ദയായിപ്പോകും. കോടതി വിധിച്ചതിനെ പറ്റി ഞാൻ അഭിപ്രായം പറയുന്നത് ശരിയല്ല. കോടതിക്ക് ശരിയെന്ന് തോന്നിയതാണ് കോടതി വിധിച്ചത്. അതിന് മേൽനടപടികളിലേക്ക് പോകുന്നുണ്ട്. അതിന്റെ കാര്യങ്ങൾ വഴിയേ അറിയാം.'-ആസിഫ് അലി കൂട്ടിച്ചേർത്തു

തൃശ്ശൂർ ജില്ലയിൽ എൽഡിഎഫ് തരംഗം: അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി

തൃശ്ശൂർ ജില്ലയിൽ എൽഡിഎഫ് തരംഗത്തിൽ 2020 വർഷത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഉണ്ടായതി നേക്കാൾവളരെ കൂടുതൽ സീറ്റുകൾ എൽഡിഎഫ് നേടുമെന്നും യുഡിഎഫും എൻഡിഎയും വലിയ പരാജയം നേരിടേണ്ടിവരു മെന്നും രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി തൃശ്ശൂർ ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി പ്രസ്താവിച്ചു.

എൽഡിഎഫ് സർക്കാരും എൽഡിഎഫ് ഭരിക്കുന്ന ത്രിതല പഞ്ചായത്തുകളും നടത്തിയ മികച്ച പ്രവർത്തനങ്ങൾ എൽഡിഎഫ് തരംഗത്തിന് കാരണമാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ 2000 രൂപയായി വർധിപ്പിച്ചതും കുടിശ്ശികയില്ലാതെ നൽകുന്നതും ആശാവർക്കന്മാരുടെയും അംഗനവാടി ഹെൽപ്പർ മാരുടെയും ഹോണറേറിയം വർദ്ധിപ്പിച്ചതും ഒരു പെൻഷനും ഇല്ലാത്ത 35 വയസ്സ് മുതൽ 60 വയസ്സ് വരെയുള്ള സ്ത്രീകൾക്ക് പെൻഷൻ അനുവദിച്ചതും വിശപ്പു രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയ ഹോട്ടലുകൾ വഴി നേരത്തെ 20 രൂപയ്ക്കും ഇപ്പോൾ 30 രൂപയ്ക്കും ഉച്ചഭക്ഷണം നൽകുന്നതും ലൈഫ് മിഷൻ പദ്ധതിയിൽ പാവപ്പെട്ടവർക്ക് മികച്ച വീടുകൾ നിർമ്മിച്ചു നൽകിയതും മാലിന്യ സംസ്കരണത്തിന് ഹരിത കർമ്മസേന രൂപീകരിച്ച് പഞ്ചായത്തുകൾ വഴി കാര്യക്ഷമമായ പ്രവർത്തനം നടത്തിയതും ഉന്നത നിലവാരത്തിലുള്ള റോഡുകൾ നിർമ്മിച്ചതും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വികസനം നടപ്പിലാക്കിയതും ആണ് എൽഡിഎഫ് തരംഗത്തിന് കാരണം വർഗീയ തക്കെതിരെ എൽഡിഎഫ് നടത്തിയ ശക്തമായ നിലപാടുകളും എൽഡിഎഫ് തരംഗത്തിന് കാരണമാണ് ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയിൽ പതിനഞ്ചാം വാർഡിൽ ആർ ജെ ഡിയുടെ എൽഡിഎഫ് സ്ഥാനാർത്ഥി യായി മത്സരിക്കുന്ന വി ബി വർഗീസ് തൃശ്ശൂർ കോർപ്പറേഷൻ മിഷൻ ക്വാർട്ടേഴ്സ് വാർഡിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിക്കുന്ന രാഷ്ട്രീയ മഹിളാ ജനതാദൾ ജില്ലാ പ്രസിഡണ്ട് പിആർ ജീജ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വടക്കേക്കാട് ഡിവിഷൻ ആർജെഡിയുടെ എൽഡിഎഫ് സ്ഥാനാർഥി അഡ്വക്കേറ്റ് ശ്രീലക്ഷ്മി ശ്രീകുമാർ ചാലക്കുടി നഗരസഭ 22 ആം വാർഡ് ആർജെഡിയുടെ എൽഡിഎഫ് സ്ഥാനാർത്ഥി ടി ഡി സാബു ഉൾപ്പെടെയുള്ള മുഴുവൻ സ്ഥാനാർത്ഥികളും മികച്ച വിജയം നേടുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു

ദേശീയ ഹരിത സേന ഹരിത അദ്ധ്യാപക അവാർഡ് വിതരണം

തൃശൂർ : കേരള സംസ്ഥാന ശാസ്ത്ര- സാങ്കേതികശാസ്ത്ര- പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ദേശീയ ഹരിത സേന ഈ വർഷത്തെ ഹരിത പുരസ്കാരങ്ങൾ വിതരണം ചെയ്തു.. തൃശൂർ ജില്ലയിലെ ഏറ്റവും മികച്ച ഹരിത അധ്യാപകർക്കുള്ള അവാർഡ്, തൃശ്ശൂർ ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ സസ്യ ശാസ്ത്ര അധ്യാപകൻ വി.യു രാധാകൃഷ്ണനും ഗവൺമെന്റ് മോഡൽ ഗേൾസ് ഹൈസ്കൂൾ പ്രധാന അധ്യാപിക ബിന്ദു. കെ. പി യും, മികച്ച പ്രാദേശിക പരിസ്ഥിതി പത്രപ്രവർത്തകനുള്ള അവാർഡ് .വി. എ.ഷക്കീൽ എന്നിവർക്ക്, തൃശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ രോഹിത് നന്ദകുമാർ കെ.എ.എസ് സമ്മാനിച്ചു. ദേശീയ ഹരിത സേനയുടെ തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ ആയ ജയിംസ്.എൻ. ജെ. സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രശസ്ത ഗ്രാഫിക് ഡിസൈനറായ അനിമേഷ് സേവിയർ ചിത്രരചനാ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരവും പ്രശ്നോത്തരിയും നടത്തി. തൃശ്ശൂർ സെന്റ് അലോഷ്യസ് കോളേജിലെ ജന്തു ശാസ്ത്ര വിഭാഗം അധ്യാപകനായ ജെയിൻസ്.ജെ. പ്രശ്നോത്തരി മത്സരം നടത്തി.

തദ്ദേശ തിരഞ്ഞെടുപ്പ്: തൃശൂർ ആവർത്തിക്കും: കൃഷ്ണദാസ്

തൃശൂർ: മത തീവ്രവാദ സംഘമായ ജമാഅത്തെ ഇസ്ലാമിയുമായി സി.പി.എം.നും, കോൺഗ്രസ്സിനും കേരളത്തിൽ ഉറ്റ ബന്ധമാന്നെന്ന് വ്യക്തമായെന്ന്; ബി.ജെ.പി. ദേശിയ സമിതി അംഗം പി.കെ.കൃഷ്ണദാസ് ആരോപിച്ചു.തൃശൂർ പ്രസ്സ് ക്ലബിൽ വോട്ട് വൈബ്ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജമാഅത്തെ ഇസ്ലാമി നേതൃ ത്വവുമായി ചർച്ച നടത്തി എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തുറന്നു പറഞ്ഞതോടെ സിപിഎം . ജമാഅത്തെ അവിശുദ്ധ ബന്ധം മറ നീക്കിപുറത്തായി. ജമാഅ ത്തെക്കാർ രഹസ്യങ്ങൾ പുറത്തുവിടുന്നതോടെ മുഖ്യമന്ത്രിക്ക് തലയിൽ മുണ്ടിട്ട് നടക്കേണ്ട സ്ഥിതി തദ്ദേശ തിരഞ്ഞെടുപ്പ് കഴിയുന്നതോടെ ഉണ്ടാകുമെന്നും കൃഷ്ണദാസ് പറഞ്ഞു.

തദ്ദേശ തിരഞ്ഞെടുപ്പിൽ കേരളത്തിന്റ് തലവര മാറ്റി എഴുതുമെന്നും കൃഷ്ണദാസ് വ്യക്തമാക്കി. വികസനവും വിശ്വാസവുമാണ് ബി. ജെ.പി.യും, എൻ.ഡി.എ.യും മുന്നോട്ട് വച്ച ആശയം. അതിന്റെ തുടക്കം പാർലമെന്റ് തിരഞ്ഞെടുപ്പിലൂടെ തൃശൂരിൽ വിരാട് രൂപമായി പ്രത്യക്ഷപ്പെട്ടു. അത് ഇപ്പോഴും വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിലും ആവർത്തിക്കുമെന്നും കൃഷ്ണദാസ് പറയുന്നു. പരമ്പരാഗതമായ എൽ.ഡി.എഫ് - യുഡി.എഫ് മുന്നണികളുടെ ജനവിരുദ്ധ സമീപനങ്ങൾക്കെതിരായ ഇരുട്ടടി ഇത്തവണ അനുഭവപ്പെടും. കേന്ദ്ര സർക്കാരിന്റെ വികസന നയത്തിനു ഒപ്പം കേരളത്തിലെ പ്രാദേശിക വികസനവുമായി ബന്ധപ്പെടുത്തി ഡബ്ബിൾ എഞ്ചിൻ ഭരണ സംവിധാനം തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിലൂടെ രൂപപ്പെടുമെന്നും ബി.ജെ.പി. ദേശിയ നേതാവ് അവകാശപ്പെട്ടു.

ശബരിമല സ്വർണ്ണ കേസിൽ ജയിലിലായ തിതവിതാംകൂർ ദേവസ്വം മുൻ പ്ര സി ഡന്റ് പത്മകുമാറിനെ സി.പി.എം. തൊട്ടാൽ പാർട്ടിയുമായി ബന്ധപ്പെട്ട പല പ്രമുഖരും അകത്താകുന്ന സൂചനകളാണ് ഉള്ളതെന്നും കൃഷ്ണദാസ് ആരോപിച്ചു.

മൈഗ്രന്റ്റ്സ് മിഷൻ ഇരിങ്ങാലക്കുട രൂപത

ഇരിങ്ങാലക്കുട രൂപതാംഗങ്ങളായ പ്രവാസികൾക്കുവേണ്ടിയുള്ള മൈഗ്രന്റസ് മിഷന ആരംഭമായി. രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണുക്കാടൻ ലോഗോ പ്രകാശനം ചെയ്തു. മൈഗ്രന്റ്സ് മിഷന്റെ പതാക പ്രസിഡന്റ് ഷാജു വാലപ്പന് കൈമാറിക്കൊണ്ട് മൈഗ്രന്റസ് മിഷന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു.

രൂപതാംഗങ്ങളായ പ്രവാസികൾക്ക് അവരായിരിക്കുന്ന സ്ഥലങ്ങളിൽ ആത്മീയ പിന്തുണയും അജപാലന ശുശ്രൂഷയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക അത്യാവശ്യ സന്ദർഭങ്ങളിൽ പ്രവാസി കൾക്ക് വേണ്ട സഹായമെത്തിക്കുക. പ്രവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ക്ഷേമ പദ്ധതികളെ അർഹരായവരിലേക്ക് എത്തിക്കാൻ മുൻകൈ എടുക്കുക.പ്രവാസികൾക്ക് രൂപതയോട് ചേർന്ന് പ്രവർത്തിക്കാനുള്ള അവസരമൊരുക്കുക, പ്രവാസം കഴിഞ്ഞ് തിരിച്ചെത്തുന്നവരുടെ തുടർസംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നിവയാണ് മൈഗ്രന്റസ്മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ രൂപതാ ഭാരവാഹികളായി ഡയറക്ടർ റവ. ഫാദർ റെനിൽ കാരാപ്രസിഡന്റ് ഷാജു വാലപ്പൻ റിയാദ്, വൈസ് പ്രസിഡന്റുമാരായി സന്തോഷ് കുനൻ ബഹ്റൈൻ, ജൂലി വർഗ്ഗീസ് യു. എ. ഇ.ജനറൽ സെക്രട്ടറി ലൈജു ആലപ്പാട്ട് ഓസ്ട്രേലിയ,ജോയിന്റ് സെക്രട്ടറിമാരായി ഭവ്യ വിൻസെന്റ് പാലാട്ടി ന്യൂസിലാന്റ് ലജിൻ പോൾ ഇറ്റലി ട്രഷറർ ആയി സോണറ്റ് വി.പി.സൗദി അറേബ്യ എന്നിവരേയും ഇരിങ്ങാലക്കുട,മാള പാലക്കുടി എന്നീ മൂന്ന് മേഖലാഭാരവാഹികളെയും 23 രാഷ്ട്രങ്ങളിലെ പ്രവർത്തന കോർഡിനേറ്റർ മാരെയും അഭിമന്യ മാർ പോളി കണ്ണുക്കാടൻ പ്രഖ്യാപിച്ചു.

അഭിമന്യ പിതാവ് ബിഷപ്പ് മാർപോളി കണ്ണുക്കാടൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സീറോ മലബാർ സഭയുടെ അപോസ്തലേറ്റ് വിസിറ്റേറ്ററർ ആയി മിഡിൽ ഈസ്റ്റ് റീജിയണലിലേക്ക് ലിയോ 14-000ൻ മാർപ്പാപ്പ തെരഞ്ഞെടുത്ത ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ ഫാ.ജോളി വടക്കന സ്വീകരണം നൽകി.

യോഗത്തിൽ രൂപതാ ഡയറക്ടർ ഫാറെനിൽ കാരാത്രക്കാരൻ സ്വാഗതവും പ്രി ഡൻറ് ഷാജു വാലപ്പൻ നന്ദിയും പറഞ്ഞു. ജോസ് മാമ്പിള്ളിവർഗ്ഗീസ് പന്തല്ലുക്കാരൻ, ജിൻ പോൾ, സന്ധ്യ സെബി, അഡ്വ വർഗ്ഗീസ് മണവാളൻ,സാജൻ പടിക്കല എന്നിവർ ആശംകൾ നേരുകയും, പരിപാടിക്ക് ലിസി ജെറോം, ലിൻസി ഷാജു, വിൻസെന്റ് തോമസ്, വിജു ടി.ടി, റോബസൺ തെക്കിനിയ ജൂലി വർഗ്ഗീസ്,ഷൈജി ഷിബു എന്നിവർ നേതൃത്വം നൽകി.

പഴയ ടി വി നൽകി കബളിപ്പിച്ചു, അപലപനീയമെന്ന് കോടതി, വില 16500 രൂപയും പലിശയും 15000 രൂപയും നൽകുവാൻ വിധി

തൃശൂർ: പഴയ ടി വി നൽകി കബളിപ്പിച്ചു എന്നാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ കയ്പമംഗലം ബീച്ചിലെ ബലയം പറമ്പിൽ വീട്ടിൽ കൃഷ്ണൻ.ബി.സി. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ നാട്ടികയിലുള്ള അശ്വതി ഏജൻസീസ് ഉടമക്കെതിരെയും പുനെയിലുള്ള കല്യാണി ഷാർപ്പ് ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായതു്. മീൻ വില്പനക്കാരനായ കൃഷ്ണൻ അശ്വതി ഏജൻസീസിൽ നിന്ന് 16500 രൂപ നൽകിയാണ് കല്യാണി ഷാർപ്പ് ഇന്ത്യാ ലിമിറ്റഡിന്റെ ടി വി വാങ്ങുകയുണ്ടായത്. ടി വി വാങ്ങി ഉപയോഗിച്ചു വരവെ സ്ക്രീനിൽ വരകൾ രൂപപ്പെടുകയുണ്ടായിട്ടുള്ളതാകുന്നു. ടി വി കാണുവാൻ കഴിയാത്ത അവസ്ഥയായിട്ടുള്ളതാകുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തി വില്പന നടത്തിയ ടി വി പഴയതാണെന്നും തകരാറുകളുള്ളതാണെന്നും കാണിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. എതിർകക്ഷികളുടെ പ്രവൃത്തി അപലപനീയവും അനുചിത ഇടപാടുമാണെന്നും കോടതി വിലയിരുത്തി. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ